**ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം)**
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ജഗതി, തിരുവനന്തപുരം - 14
**Ph: 0471 2580574. Email: nftwkerala@gmail.com**

NFTW/555/2020/ഡി.ജി.ഇ തീയതി : 15.10.2020

## സർക്കുലർ

**വിഷയം:-** ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം) - സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2020 മാർച്ചിലെ ലെ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതുകയും, എല്ലാ വിഷയങ്ങൾക്കും A+ നേടുകയും ചെയ്ത അദ്ധ്യാപകരുടെ മക്കൾക്കുള്ള ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

**സൂചന:-** 29.01.2020 ൽ കൂടിയ ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ 75-മാത് സംസ്ഥാന പ്രവർത്തക സമിതി യോഗ തീരുമാനം.

ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം) 75-മത് സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2020 മാർച്ചിലെ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതുകയും, എല്ലാ വിഷയങ്ങൾക്കും A+ നേടുകയും ചെയ്ത പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുവാൻ തീരുമാനിച്ചു.

**www.nftwkerala.org** എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും മേൽ പരാമർശിച്ച വിവരങ്ങൾ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് കൈമാറേണ്ടതും, പ്രഥമാദ്ധ്യാപകർ സ്വവിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരെയും ഇത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതുമാണ്. അപേക്ഷ ഓൺലൈൻ വഴി നൽകുന്നതിനുള്ള അവസാന തീയതി 16.11.2020 ആണ്.

സെക്രട്ടറി -ട്രഷറർ
ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം)

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ എ.ഡി മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും